ഉത്തരം

(എ) റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിലെ പമ്പാവാലി പ്രദേശത്തെ ആകെയുള്ള 2851 കൈവശങ്ങളിൽ 33 സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒഴികെ 2818 കൈവശങ്ങളിൽ 1497 എണ്ണത്തിന് ഫുഡ് പ്രൊഡക്ഷൻ (എഫ്.പി.) പട്ടയം ലഭിച്ചിരുന്നതും 2011-ൽ 1031 കൈവശങ്ങൾക്ക് പട്ടയം നൽകിയിരുന്നതും 2015-ലെ പട്ടയമേളയിൽ 207 പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. 83 കൈവശങ്ങൾക്കുകൂടി പട്ടയം നൽകാൻ ബാക്കിയുണ്ട്. അത്തിക്കയം വില്ലേജിലെ മടന്തമൺ എന്ന സ്ഥലത്തെ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിന് ടി സ്ഥലം സർവ്വേ നടത്തി തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. അത്തിക്കയം വില്ലേജിലെ തെക്കേതൊടി പ്രദേശത്തെ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്ഥലം തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടില്ല.

(ബി) പട്ടയം നൽകുന്നതിനുള്ള നടപടികൾ പമ്പാവാലിയിൽ പൂർത്തിയായി. മടന്തമണ്ണിൽ പൂർത്തീകരിച്ചുവരുന്നു.

(സി) 2015 സെപ്റ്റംബർ മാസ പട്ടയമേളയിൽ വിതരണം ചെയ്ത പട്ടയങ്ങൾ ഉപാധിരഹിതമാണ്.

(ഡി&ഇ) നിലവിൽ കൈവശഭൂമിയ്ക്ക് വിതരണം ചെയ്യുന്ന പട്ടയങ്ങൾ ഉപാധിരഹിതമാണ്.

കരവാരം വില്ലേജ്

154 (1232) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം വില്ലേജ് ചിറയിൻകീഴ് താലൂക്കിന്റെ കീഴിലാക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ആയതു എന്നു മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും എന്തെല്ലാം നടപടിയാണ് ഇനി പൂർത്തിയാക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്കല താലൂക്ക് ഓഫീസിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ടിരുന്ന കരവാരം വില്ലേജിനെ വർക്കല താലൂക്കിൽ നിന്നും വേർപെടുത്തി ചിറയിൻകീഴ് താലൂക്കിൻകീഴിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള 22-9-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 482/2015/ആർ.ഡി. സർക്കാർ ഉത്തരവ് 25-9-2015-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ടി നടപടിക്ക് 22-9-2015 മുതൽ പ്രാബല്യമുണ്ട്.

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം-എ' ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

തോട്ടം മേഖലയിലെ ഭൂമി

155 (1233) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ എത്ര എക്കർ ഭൂമി നിലവിലുണ്ട്;

(ബി) തോട്ടം മേഖലയിലെ 5% ഭൂമി ഇതര ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം മേഖലയിലെ ഭൂമിയിൽ തോട്ടം ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്തതായ ഭൂമി മൊത്തം എത്ര ഏക്കർ ഉണ്ട്;

(ഡി) തോട്ടം ഇല്ലാത്ത പ്രസ്തുത ഭൂമികൾ കണ്ടെത്തി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തോട്ടഭൂമിയുടെ 5% വരെ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകി കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പുഷ്പകൃഷി, വാനില, ഔഷധ സസ്യങ്ങൾ, മറ്റ് കാർഷിക വിഭവങ്ങൾ കൃഷിചെയ്യുന്നതിനും ഹോട്ടലുകൾ, റിസോർട്ടുകൾ മറ്റ് ടൂറിസം പദ്ധതികൾ അവയോടനുബന്ധിച്ചുള്ള മറ്റ് ആവശ്യങ്ങൾക്കും ടി ഭൂമി ഉപയോഗിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.